"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - പോലീസ് ആസ്ഥാനത്ത് പുതിയതായി ഒരു എൻ.ആർ.ഐ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും അതിനായി 25 തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.68/2026/HOME തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- 1)23.04.2025-ൽ നടന്ന ലോക കേരള സഭ സെക്രട്ടേറിയറ്റ് യോഗ തീരുമാനം

2)സംസ്ഥാന പോലീസ് മേധാവിയുടെ 26.06.2025, 14.01.2026, 10.02.2026 എന്നീ തീയതിയിലെ എസ്1-117312/2025/പി.എച്ച്.ക്യൂ നമ്പർ കത്തുകൾ.

**ഉത്തരവ്**

പ്രവാസികൾക്കും, അവരുടെ ബന്ധുക്കൾക്കും അടിയന്തര ശ്രദ്ധയും നിയമ പരിരക്ഷയും നൽകുക, വിദേശത്ത് കുടുങ്ങി പോയവരെ യഥാസമയം നാട്ടിലെത്തിക്കുക, വ്യാജ വിസ നൽകി കബളിപ്പിക്കൽ, മനുഷ്യക്കടത്ത്, ഉപരിപഠനം എന്ന പേരിലുള്ള ചൂഷണം, അനധികൃത റിക്രൂട്ട്മെന്റ്, സോഷ്യൽ മീഡിയ വഴിയുള്ള ചൂഷണം എന്നിവ യഥാസമയം തടഞ്ഞ് പ്രവാസികൾക്കും, അവരുമായി ബന്ധപ്പെട്ടവർക്കും സഹായകരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ, സംസ്ഥാനമൊട്ടാകെ അധികാരപരിധി നൽകി, പോലീസ് ആസ്ഥാനത്ത് പുതിയതായി ഒരു എൻ.ആർ.ഐ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പരാമർശം(2) കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി ശുപാർശ സമർപ്പിച്ചിരുന്നു. അതിനുവേണ്ടി ഇൻസ്പെക്ടർ - 1, സബ് ഇൻസ്പെക്ടർ- 6, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ - 6, സീനിയർ സിവിൽ പോലീസ് ഓഫീസർ - 5, സിവിൽ പോലീസ് ഓഫീസർ-7 എന്നിങ്ങനെ അത്യാവശ്യം വേണ്ട 25 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ ശുപാർശയുടെ അടിസ്ഥാനത്തിൽ, പ്രവാസി കേരളീയ സമൂഹത്തിന്റെ താൽപ്പര്യങ്ങളുടെയും, അവകാശങ്ങളുടെയും സംരക്ഷണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനമൊട്ടാകെ അധികാരപരിധി നൽകി

പോലീസ് ആസ്ഥാനത്ത് പുതിയതായി ഒരു എൻ.ആർ.ഐ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ആയതിലേയ്ക്കായി ചുവടെപ്പറയുന്ന 25 തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | ഇൻസ്പെക്ടർ | 1 |
| 2 | സബ് ഇൻസ്പെക്ടർ | 6 |
| 3 | അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ | 6 |
| 4 | സീനിയർ സിവിൽ പോലീസ് ഓഫീസർ | 5 |
| 5 | സിവിൽ പോലീസ് ഓഫീസർ | 7 |
| | **ആകെ** | **25** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (09.09.2025-ലെ (ഇ.3224044):വ്യയം-എ1/75/2025/ധനം പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്. (10.03.2026 ലെ ഇനം നം. 3847)
ഡയറക്ടർ, ഐ & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Divya R S
Date: 12-03-2026 09:14:36
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-03-2026

ഫയൽ നം. ഇ1/257/2025/ആഭ്യന്തരം. ഇനം നം: 3847

വിഷയം : ആഭ്യന്തര വകുപ്പ് - പുതിയതായി എൻ.ആർ.ഐ. പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

3847

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ1/257/2025/ആഭ്യന്തരം |
| 2 | വകുപ്പ് | : | ആഭ്യന്തര (ഇ) വകുപ്പ് |
| 3 | വിഷയം | : | ആഭ്യന്തര വകുപ്പ് - പുതിയതായി എൻ.ആർ.ഐ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 16.02.2026 |
| 5 | (i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ആണ്. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. പ്രസീത കെ.സി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 04.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പോലീസ് ആസ്ഥാനത്ത് പുതിയതായി എൻ.ആർ.ഐ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പരാമർശിക്കുന്നത്.

2) 23.04.2025 തീയതിയിൽ നടന്ന ലോക കേരള സഭ സെക്രട്ടേറിയറ്റ് യോഗ തീരുമാനത്തിലെ അജണ്ട നമ്പർ 3 മേലുള്ള രണ്ടാമത്തെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തല അധികാര പരിധി നൽകി കൊണ്ട് എൻ.ആർ.ഐ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ചാണ് സംസ്ഥാന പോലീസ് മേധാവി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

3) നിലവിൽ പോലീസ് ആസ്ഥാനത്തെ വിവിധ ഗവൺമെന്റ് അധികാരികളിൽ നിന്നും പ്രവാസികളിൽ നിന്നും നേരിട്ടും ലഭിക്കുന്ന എൻ.ആർ.ഐ (NRI) പരാതികൾ ആയതിന്റെ ഗൗരവം അനുസരിച്ച് പരിഹരിക്കുന്നതിന് SP, NRI Cell സേവനമനുഷ്ഠിച്ച് വരുന്നുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു. പോലീസ് ആസ്ഥാനത്തെ NRI പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾക്കായുള്ള കെട്ടിടം പോലീസ് ആസ്ഥാനത്ത് തന്നെ കണ്ടെത്താവുന്നതാണെന്നും പ്രസ്തുത NRI പോലീസ് സ്റ്റേഷന്റെ അധികാരപരിധി സംസ്ഥാനമൊട്ടാകെ വ്യാപിച്ചിരിക്കുന്നുവെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു.

4) പ്രവാസികൾക്കും അവരുടെ ബന്ധുക്കൾക്കും അടിയന്തര ശ്രദ്ധയും നിയമ പരിരക്ഷയും നൽകുക, വിദേശത്ത് കുടുങ്ങി പോയവരെ യഥാസമയം നാട്ടിലെത്തിക്കുക, വ്യാജ വിസ നൽകി കബളിപ്പിക്കൽ, മനുഷ്യക്കടത്ത്, ഉപരിപഠനം എന്ന പേരിലുള്ള ചൂഷണം, അനധികൃത റിക്രൂട്ട്മെന്റ്, സോഷ്യൽ

മീഡിയ വഴിയുള്ള ചൂഷണം എന്നിവ യഥാസമയം തടഞ്ഞ് പ്രവാസികൾക്കും, അവരുമായി ബന്ധപ്പെട്ടവർക്കും സഹായകരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുക എന്നതാണ് NRI പോലീസ് സ്റ്റേഷന്റെ പ്രധാന ഉദ്ദേശ്യം.

5) ശിപാർശ ചെയ്യപ്പെട്ടിരിക്കുന്ന എൻ.ആർ.ഐ പോലീസ് സ്റ്റേഷന് വേണ്ടി വിവിധങ്ങളായ 25 അധിക തസ്തികകൾ പോലീസ് വകുപ്പിൽ സൃഷ്ടിക്കേണ്ടി വരുമെന്നും, ആയതിന് ശമ്പള ഇനത്തിൽ 1,55,98,010/- രൂപ വാർഷിക ചെലവു വരുമെന്നും, ഇതു കൂടാതെ പോലീസ് സ്റ്റേഷന്റെ പ്രവർത്തനത്തിനായി രണ്ട് LMV with Driver ഉം, രണ്ട് മോട്ടോർ ബൈക്കുകളും ആവശ്യമായി വരുമെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു.

6) മേൽ വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

*"The NRI Police station envisages supervision and monitoring of complaints received from NRIs , now it is being dealt by SP, NRI Cell. NRI PS does not envisages filing FIR and charging cases, filing of FIR and investigation of cases are to be done by the local Police stations. Hence, AD is informed that if the AD intends to notify an NRI PS, that may be done without having financial implication by using the existing resources of man power and other paraphernalia.*

*This has the approval of Hon'ble Minister (Finance)."*

7) തുടർന്ന് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ റിപ്പോർട്ടിൽ നിലവിലുള്ള വകുപ്പുതല വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് എൻ.ആർ.ഐ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാനാണ് പോലീസ് വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് റിപ്പോർട്ട് ചെയ്തു. പോലീസ് ആസ്ഥാനത്തെ എൻ.ആർ.ഐ സെല്ലിലെ നിലവിലുള്ള അംഗീകൃത പോലീസ് ഉദ്യോഗസ്ഥരുടെ തസ്തികകൾ (IoP-1, SI-2, SCPO-2, CPO-3) പ്രാരംഭ

ഘട്ടമായി നിർദ്ദിഷ്ട എൻ.ആർ.ഐ പോലീസ് സ്റ്റേഷനിലേക്ക് വിന്യസിക്കുമെന്നും, എൻ.ആർ.ഐ സെല്ലിലെ ഡി.വൈ.എസ്.പിക്ക് അധിക ചാർജ്ജുകൾ നൽകി ഭരണപരവും പ്രവർത്തനപരവുമായ നിയന്ത്രണം കൈകാര്യം ചെയ്യുമെന്ന് അറിയിക്കുകയും ചെയ്തു.

8) എൻ.ആർ.ഐ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ച് ആവശ്യമായ തസ്തികകൾ അനുവദിക്കാനുള്ള ശിപാർശ സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെടുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

9) ഇതിൻ പ്രകാരം, സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശയിൽ ഫലപ്രദമായ പോലീസിംഗ്, സമയബന്ധിതമായ നിയമ ഇടപെടൽ, പ്രവാസി കേരളീയ സമൂഹത്തിന്റെ താൽപ്പര്യങ്ങളുടെയും അവകാശങ്ങളുടെയും സംരക്ഷണം എന്നിവ മെച്ചപ്പെടുത്തുന്നതിലേക്കായി തിരുവനന്തപുരത്ത് സംസ്ഥാന വ്യാപക അധികാരപരിധിയുള്ള NRI പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വേണ്ടി വിവിധങ്ങളായ 25 അധിക തസ്തികകൾ പോലീസ് വകുപ്പിൽ സൃഷ്ടിക്കേണ്ടി വരുമെന്നും ആയതിന് ശമ്പള ഇനത്തിൽ നിലവിലെ നിരക്കിൽ 1,64,11,256/- രൂപ വാർഷിക ചെലവ് വരുമെന്നും അറിയിച്ചിട്ടുണ്ട്.

10) പ്രസ്തുത വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന്, സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ പ്രകാരം ഇൻസ്പെക്ടർ - 1, സബ് ഇൻസ്പെക്ടർ - 6, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ - 6, സീനിയർ സിവിൽ പോലീസ് ഓഫീസർ - 5, സിവിൽ പോലീസ് ഓഫീസർ - 7 എന്നിങ്ങനെ അത്യാവശ്യം വേണ്ട 25 തസ്തികകൾ സൃഷ്ടിച്ച് പുതിയതായി എൻ.ആർ.ഐ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന്, സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ പ്രകാരം ഇൻസ്പെക്ടർ - 1, സബ് ഇൻസ്പെക്ടർ - 6, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ - 6, സീനിയർ സിവിൽ പോലീസ് ഓഫീസർ - 5, സിവിൽ പോലീസ് ഓഫീസർ - 7 എന്നിങ്ങനെ 25 തസ്തികകൾ സൃഷ്ടിച്ച്, സംസ്ഥാനമൊട്ടാകെ അധികാരപരിധി നൽകി പോലീസ് ആസ്ഥാനത്ത് പുതിയതായി ഒരു എൻ.ആർ.ഐ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?